LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കാൻ കഴിയുകയുള്ളുവെന്ന് ഇടക്കാല ഉത്തരവായ സാഹചര്യത്തിലും റിട്ട് അപ്പീൽ എത്രയുംവേഗം തീർപ്പാക്കി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) മെഡിസെപ്പ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മെഡിസെപ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാറിനെതിരെ നിലവിലുള്ള റിട്ട് അപ്പീൽ (WA.615/2021) സംബന്ധിച്ച നിയമനടപടികൾ പൂർത്തിയാകുന്നപക്ഷം താമസംവിന പദ്ധതി ആരംഭിക്കുന്നതാണ്.

പങ്കാളിത്ത പെൻഷൻ പദ്ധതി

71 (1797) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ നിന്ന് സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോയെന്നറിയിക്കാമോ ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുകയെന്ന സർക്കാർനയം നടപ്പാക്കുന്നതിനായി നിയമിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പി.എഫ്.ആർ.ഡി. ആക്ടിലോ സംസ്ഥാന സർക്കാർ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട കരാറുകളിലോ ഇത് സംബന്ധിച്ച് പരാമർശങ്ങളുണ്ടോ; വിശദാംശം നൽകുമോ?

പ്രത്യേക പരാമർശമില്ല.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.